"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള CC No 226/2024 നമ്പർ വ്യവഹാരത്തിന്മേലുള്ള 25/08/2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

സ.ഉ (സാധാ) നം. 4583/2026/ധന തീയതി, തിരുവനന്തപുരം, 25-05-2026

പരാമർശം :- 1. ബഹുമാനപ്പെട്ട ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള CC No. 226/2024 നമ്പർ വ്യവഹാരത്തിന്മേലുള്ള 25/08/2025 ലെ വിധിന്യായം.

2. ഇൻഷ്വറൻസ് ഡയറക്ടറുടെ 04/12/2025, 10/02/2026 തീയതികളിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്6/CC226/2024-എച്ച്.ക്യു-ജി.എസ്.3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം വളാഞ്ചേരി എം.ഇ.എസ് കെ.വി.എം കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായിരുന്ന 22/04/2021-ൽ മരണപ്പെട്ട ആതിര രാധാകൃഷ്ണന്റെ പേരിലുള്ള കെ.എസ്.ഐ.ഡി/എൽ.ഐ/110101302497 നമ്പർ പോളിസിയുടെ വാഗ്ദത്ത തുകയായ 4,12,200/- രൂപയ്ക്ക് പകരം 81,000/- രൂപ അനുവദിച്ചതിനെതിരെ ടിയാളുടെ ഭർത്താവും മകനും ബഹുമാനപ്പെട്ട മലപ്പുറം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം മുമ്പാകെ ഫയൽ ചെയ്ത CC 226/2024 നമ്പർ വ്യവഹാരത്തിൽ ടി പോളിസിയിൽ വാഗ്ദത്ത തുകയായ 4,12,200/- രൂപയും, അപേക്ഷകനുണ്ടായ മാനസിക ബുദ്ധിമുട്ടുകൾക്ക് 10000/- രൂപയും കോടതി ചെലവ് ഇനത്തിൽ 5000/- രൂപയും നൽകുവാൻ സൂചന (1) പ്രകാരം വിധിയായിട്ടുള്ളതിനാൽ പ്രസ്തുത വിധിതുക കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 20/11/2013-ൽ ആരംഭിച്ച കെ.എസ്.ഐ.ഡി/എൽ.ഐ/110101302497 നമ്പർ പോളിസിയിൽ 4 വർഷവും 4 മാസത്തിനുശേഷമാണ് പോളിസി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് എന്നതിനാലും ജീവനക്കാരുടെ എസ്.എൽ.ഐ/ജി.ഐ.എസ് പോളിസികളുടെ പ്രീമിയം ഒടുക്കുന്ന രേഖകൾ സൂക്ഷിക്കാത്തതിലും ഇൻഷ്വറൻസ് വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായി കണ്ടാണ് CC 226/2024 നമ്പർ വ്യവഹാരത്തിന്മേലുള്ള 25/08/2025-ലെ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നതിനാലും ഇക്കാര്യത്തിലുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും CC 226/2024 നമ്പർ വ്യവഹാരത്തിന്മേലുള്ള സൂചന (1) ലെ വിധി പ്രകാരം കെ.എസ്.ഐ.ഡി/ എൽ.ഐ/110101302497 പോളിസിയുടെ വാഗ്ദത്ത തുകയായ 4,12,200/- രൂപയും മാനസിക ബുദ്ധിമുട്ടിനു 10000/- രൂപയും കോടതി ചെലവ് ഇനത്തിൽ 5000/- രൂപയും കെട്ടിവയ്ക്കുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3365586/എസ്റ്റാ.ഡി 2/134/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ